## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2287 10-10-2011 ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്ഷേമത്തിനായി പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം..ഉമ്മർ | ശ്രീമതി. പി.കെ ജയലക്ഷ്മി<br>(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ വിശദമാക്കാമോ: | (എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഭവന നിർമ്മാണം, കുടിവെള്ള വിതരണം, ആരോഗ്യം, ഭൂമി വിതരണം തുടങ്ങിയ നിരവധി ക്ഷേമ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം, സൈക്കിൾ വിതരണ പദ്ധതി, ഭവന നിർമ്മാണം, റേഷൻ കാർഡ് വിതരണം, ജീവനോപാധി പ്രവർത്തനങ്ങൾക്ക് സഹായം, മോഡൽ റസിഡൻഷ്യൽ സ്കൂൾ / ഹോസ്റ്റലുകളിൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾ ഈ സർക്കാർ 100 ദിന കർമ്മ പരിപാടിയിൽ പ്രഖ്യാപിക്കുകയും നടപ്പിലാക്കിവരുകയും ചെയ്യുന്നു. |
| (ബി) ഈ വിഭാഗത്തിന് മുൻകാലങ്ങളിൽകേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട്പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ ? | (ബി) ഏതാണ്ട് മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.